# JANMABHUMI

## A developed Kerala is the beacon for a developed India: Governor

**Date :** 7.6.2025 | **Edition : Trivandrum** | **Page :** 2 | **Clip size (cm) : W:** 19 **H:** 11

---

# വികസിത കേരളത്തിലൂടെ മാത്രമേ വികസിത ഭാരതം പൂർണമാകൂ: ഗവർണർ

**തിരുവനന്തപുരം:** വികസിത കേരളത്തിലൂടെ മാത്രമേ വികസിത ഭാരതം പൂർണമാകൂവെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. രാജ്യത്തിന്റെ വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിൽ കേരളത്തെ സജ്ജമാക്കുന്നതിനുള്ള മാർഗരേഖ തയ്യാറാക്കാൻ വിജ്ഞാന സമൂഹം കൂട്ടായ ശ്രമങ്ങൾ നടത്തണമെന്നും ഗവർണർ പറഞ്ഞു. ബ്രിക്‌രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (ആർജിസിബി) യുമായി സഹകരിച്ച് വിജ്ഞാനഭാരതി ആക്കുളത്തെ ആർജിസിബി കാമ്പസിൽ സംഘടിപ്പിച്ച കേരള @ 2047 എന്ന സെഷനിൽ മുഖ്യാപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

വികസിത് ഭാരത് എന്ന ലക്ഷ്യത്തിൽ സാമ്പത്തിക ശക്തിയായി മാത്രമല്ല രാജ്യം വികസിക്കേണ്ടതെന്ന് ഗവർണർ പറഞ്ഞു. വിജ്ഞാന സമ്പദ് വ്യവസ്ഥയിലും പരമ്പരാഗത മൂല്യങ്ങളിലും ഊന്നിനിന്നു കൊണ്ടുള്ള വികസനം സാധ്യമാകണം.



**ആർജിസിബി യുമായി സഹകരിച്ച് വിജ്ഞാനഭാരതി ആക്കുളത്തെ ആർജിസിബി കാമ്പസിൽ സംഘടിപ്പിച്ച കേരള @ 2047 എന്ന സെഷനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ മുഖ്യാപ്രഭാഷണം നടത്തുന്നു.**

രാജ്യത്തിന്റെ മുന്നേറ്റത്തിൽ പൗരൻമാർക്ക് പ്രധാന പങ്കുണ്ട്. വികസനം മാനവിക കേന്ദ്രീകൃതമാകണമെന്നും ഗവർണർ ചൂണ്ടിക്കാട്ടി.

സിഎംഎഫ്ആർഐയുടെ പരിശീലന പരിപാടിയായ 'അഡ്വാൻസിംഗ് ഇന്ത്യാസ് ബ്ലൂ ഇക്കണോമി: ദ റോൾ ഓഫ് ഫിഷറീസ് സെക്ടറി'ന്റെ റിപ്പോർട്ടും ഗവർണർ പ്രകാശനം ചെയ്തു.

വിജ്ഞാന ഭാരതി പ്രസിഡന്റ് ഡോ. ശേഖർ.സി.മാൻഡേ അധ്യക്ഷനായി. സിഎസ്ഐആർഎൻഐഐഎസ്ടി ഡയറക്ടർ ഡോ. സി. അനന്തരാമകൃഷ്ണൻ, വിഎസ്എസ്‌ഇ ഡയറക്ടർ ഡോ. എസ്. ഉണ്ണികൃഷ്ണൻ നായർ, ഐസിഎആർസിടിസിആർഐ ഡയറക്ടർ ഡോ. ജി. ബൈജു, എംഒഇഎസ് എൻസിഇഎസ്എസ് ഡയറക്ടർ പ്രൊഫ. എൻ.വി ചലപതി റാവു, ആർജിസിബി സീനിയർ സയന്റിസ്റ്റ് ഡോ. ടി.ആർ സന്തോഷ്കുമാർ, ഐസിഎആർസിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, എന്നിവർ വിഷൻ കേരള @ 2047 എന്ന വിഷയത്തിൽ അവതരണങ്ങൾ നടത്തി.